## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 249** **10-06-2024 - ൽ മറുപടിയ്ക്ക്**

## പൊതുജനാരോഗ്യ രംഗത്തെ മികവ് നിലനിർത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പൊതുജനാരോഗ്യ രംഗത്തെ ചില ഒറ്റപ്പെട്ട പിഴവുകളും അശ്രദ്ധയും മൂലമുണ്ടായിട്ടുള്ള സംഭവങ്ങളെ പെരുപ്പിച്ചു കാണിച്ച്, കേരളം പൊതുജനാരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങളെ ഇകഴ്ത്തിക്കാണിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പൊതുജനാരോഗ്യ രംഗത്തുണ്ടായിട്ടുള്ള ചില ഒറ്റപ്പെട്ട പിഴവുകളെ പെരുപ്പിച്ച് കാണിച്ച് കേരളം പൊതുജനാരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങളെ ഇകഴ്ത്തികാണിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നുണ്ട് എന്ന് തന്നെയാണ് കാണേണ്ടത്. ഒറ്റപ്പെട്ട ചില പരാതികൾ ശ്രദ്ധയിൽപ്പെടുന്ന സമയത്തുതന്നെ സ്ഥാപനതലത്തിൽ പരിഹരിക്കുന്നതിന് ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ആരോഗ്യ പരിപാലനത്തിൽ അശ്രദ്ധയും പിഴവും മൂലമുള്ള ദൗർഭാഗ്യകരമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ജാഗ്രതയും മികച്ച പ്രവർത്തനങ്ങളും തുടരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ആരോഗ്യ പരിപാലന രംഗത്ത് പിഴവുകൾ ഉണ്ടാകാതിരിക്കാനായി ശക്തമായ ചികിത്സാ ഗുണനിലവാരവും രോഗികളുടെ സുരക്ഷാ സംവിധാനങ്ങളും നടപ്പിലാക്കി വരുന്നു. പിഴവുകൾ ശ്രദ്ധയിൽപ്പെടുമ്പോൾ ആയത് ആവർത്തിക്കപ്പെടാതിരിക്കാൻ സമഗ്രമായ അന്വേഷണങ്ങളും വിശകലനവും നടത്തി തെളിവുകൾ അടിസ്ഥാനമാക്കിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നു. ഇത്തരം സംഭവങ്ങൾ തടയുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രി ഓപ്പറേഷൻ തിയേറ്ററുകളുമായി ബന്ധപ്പെട്ട് WHO നിഷ്കർഷിക്കുന്ന പ്രോട്ടോക്കോൾ കർശനമായി പാലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തിയേറ്റർ സ്റ്റാഫിനുവേണ്ട ട്രെയിനിംഗ്, ഓറിയന്റേഷൻ ക്ലാസുകളും നൽകിവരുന്നു. എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും |

ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന രോഗികളുടെ തൽസ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ അതാത് യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറെയും, തിയേറ്ററിന്റെ ചുമതലയുള്ള സീനിയർ നഴ്സിംഗ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നഴ്സിംഗ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ആശയവിനിമയത്തിൽ ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആശയവിനിമയം നടത്താൻ സൗകര്യപ്രദമായ ഒരു റൂം/ഏരിയ എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്. വകുപ്പ് മേധാവികളുടെ നേതൃത്വത്തിൽ ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളിലും മോണിറ്ററിംഗ് കാര്യക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ചുവടെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

WHO മാനദണ്ഡപ്രകാരമുള്ള ചെക്ക് ലിസ്റ്റ്, പ്രോട്ടോക്കോൾ പിന്തുടരുക, ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്നതിനു മുൻപായി കുറഞ്ഞത് രണ്ടു തവണയെങ്കിലും രോഗികളുടെ ഐഡന്റിറ്റി പരിശോധിച്ച് ഉറപ്പുവരുത്തണം. ഓപ്പറേഷൻ നടത്തുന്ന സർജൻ, അനസ്തെറ്റിക്, നഴ്സിംഗ് ഓഫീസർ എന്നിവർ സർജറിക്കായി നൽകിയ സമ്മതപത്രവും മറ്റ് രേഖകളും പരിശോധിച്ച് ഉറപ്പുവരുത്തണം. ശസ്ത്രക്രിയ നടത്തുന്നത് മാറിപ്പോകാതിരിക്കാൻ ശസ്ത്രക്രിയ നടത്തുന്ന സ്ഥലം/ടേബിൾ നേരത്തെതന്നെ നിശ്ചയിച്ച് നൽകണം. എല്ലാ ഉപകരണങ്ങളും, അലാറം ഉൾപ്പെടെയുള്ള മറ്റ് സംവിധാനങ്ങളും പൂർണ്ണ സജ്ജമാണെന്ന് സർജറിക്കു മുൻപ് ഉറപ്പു വരുത്തണം. Infection Control Protocol പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണം. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ എല്ലാം പാലിക്കപ്പെടുന്നുണ്ടെന്ന് വകുപ്പ് മേധാവി തിയേറ്ററിന്റെ ചാർജ്ജുള്ളവർ, അനസ്തേഷ്യ ടീം ലീഡർ എന്നിവർ ഉറപ്പുവരുത്തണം.

ചികിത്സാ പിഴവ് സംബന്ധിച്ച പരാതികൾ ലഭ്യമാകുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ചികിത്സാ വിഭാഗം മേധാവിയിൽ നിന്നും പരാതി സംബന്ധിച്ച വിശദീകരണം ആരായുകയും ആയത് തൃപ്തികരമല്ലാത്തപക്ഷം,

| | | | |
|---|---|---|---|
| | | | വിദഗ്ധരും ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനുമടങ്ങുന്ന സമിതിയെ അന്വേഷണത്തിനായി നിയോഗിക്കുകയും, ആയതിന്റെ കണ്ടെത്തൽ/ ശുപാർശ അനുസരിച്ച് പരിഹാര നടപടികളും ശിക്ഷാനടപടികളും സ്വീകരിക്കാറുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ പോലീസും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താറുണ്ട്. |
| (സി) | കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിക്ക് എതിരായി നടക്കുന്ന വ്യാജ പ്രചാരണങ്ങൾ അവിടെ നടന്നു വരുന്ന മികച്ച ആരോഗ്യ പരിപാലനത്തെയും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (സി) | കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിക്ക് എതിരെയുള്ള വസ്തുതാപരമായ ആരോപണങ്ങളിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ഇവ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ ജാഗ്രത പുലർത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ തുടർച്ചയായി അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ചില മാധ്യമങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നത് പൊതുജനങ്ങളിൽ ആശങ്ക സൃഷ്ടിക്കുന്നതിനും ആരോഗ്യ പ്രവർത്തകരുടെ മനോവീര്യം തകർക്കുന്നതിനും കാരണമാവുന്നുണ്ടെന്ന് ചൂണ്ടി കാണിക്കപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ